**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4379** **06-03-2023 - ൽ മറുപടിയ്ക്ക്**

**നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും, ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും, ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | (എ) | 10 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക, സേവന, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു.<br><br>നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 74 യൂണിറ്റുകൾക്കായി 9.5 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ